16. രാമന്തളി ഗ്രാമപഞ്ചായത്തിലെ എട്ടിക്കുളം മടിയൻകുന്ന് അങ്കണവാടി ബീച്ച് റോഡ്

17. രാമന്തളി ഗ്രാമപഞ്ചായത്തിലെ 400 മീറ്റർ കരിഞ്ചിറോഡ് - വാർഡ് 2

18. രാമന്തളി ഗ്രാമപഞ്ചായത്തിലെ വലിയ കടപ്പുറം ബീച്ച് റോഡ് ടാറിംഗ്.

(ബി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മേൽപ്പറഞ്ഞ റോഡുകൾക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

മത്സ്യബന്ധന വകുപ്പിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ

158 (3668) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) 2015-16 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ മത്സ്യബന്ധന വകുപ്പിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഇതുവരെ ഭരണാനുമതി നൽകിയവ ഏതെല്ലാം;

(സി) അവയിൽ ഇതിനകം നിർമ്മാണം പൂർത്തിയായ പദ്ധതികൾ ഉണ്ടോ; വിശദമാക്കുമോ;

(ഡി) അവയിൽ ഇതുവരെ പ്രാരംഭ പ്രവർത്തനങ്ങളൊന്നും ആരംഭിക്കാത്ത പദ്ധതികൾ ഉണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) 2015-16 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ മത്സ്യബന്ധന വകുപ്പിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുത പദ്ധതികളിൽ എല്ലാ പദ്ധതികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) മേൽ പദ്ധതികളുടെ നിർവ്വഹണം പുരോഗമിക്കുന്നു.

(ഡി) ഇല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly